2026
July
25
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ഇലക്ട്രോണിക്സ് നിർമാണ മേഖലയിൽ വൻ വളർച്ച



**ന്യൂഡൽഹി:** കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെയായി ഇന്ത്യയുടെ ഇലക്ട്രോണിക്സ് നിർമാണ മേഖല വൻ വളർച്ച കൈവരിച്ചു. 2014-15ൽ ഏകദേശം 1.9 ലക്ഷം കോടിയായിരുന്ന ആഭ്യന്തര ഉത്പാദനം 2025-26ൽ ഏഴു മടങ്ങ് വർധിച്ച് 13.11 ലക്ഷം കോടി രൂപയിലെത്തിയതായി ഇലക്ട്രോണിക്സ് ആൻഡ് ഐടി മന്ത്രാലയം അറിയിച്ചു. ഈ മേഖല നിലവിൽ ഏകദേശം 25 ലക്ഷം പേർക്കു തൊഴിൽ നൽകുന്നുണ്ട്.

ഈ കാലയളവിൽ ഇലക്ട്രോണിക്സ് കയറ്റുമതി വളർച്ച കൈവരിച്ചു. 201415ൽ 38,000 കോടിയായിരുന്നതിൽനിന്ന് 202526ൽ 4.24 ലക്ഷം കോടി രൂപയിലെത്തി. മൊബൈൽ ഫോൺ ഉത്പാദനത്തിൽ 33 മടങ്ങ് വർധനയാണുണ്ടായത്. 18,000 കോടി രൂപയിൽനിന്ന് 6.27 ലക്ഷം കോടി രൂപയിലെത്തിയപ്പോൾ മൊബൈൽ ഫോൺ കയറ്റുമതി 1500 കോടി രൂപയിൽനിന്ന് 165 മടങ്ങ് ഉയർന്ന് 2.59 ലക്ഷം കോടി രൂപയായി.

രാജ്യത്തിനുള്ളിൽ വിറ്റഴിക്കുന്ന മൊബൈൽ ഫോണുകളുടെ ഏകദേശം 99.2 ശതമാനവും ഇവിടെ നിർമിക്കുന്നവയാണ്. അതോടൊപ്പം ഇവിടെനിന്ന് ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്ന ഉത്പന്നമായും മൊബൈൽ ഫോൺ മാറി.

വിദേശത്തുനിന്ന് നേരിട്ടുള്ള നിക്ഷേപത്തിലെ പരിഷ്കരണങ്ങൾ, നികുതി തൊഴിൽ നിയമ പരിഷ്കരണങ്ങൾ, പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെൻറീവ് എന്നീ പദ്ധതികളാണ് രാജ്യത്തെ ഇലക്ട്രോണിക്സ് നിർമാണ മേഖലയെ ശക്തിപ്പെടുത്താൻ സഹായിച്ചതെന്ന് മന്ത്രാലയം വ്യക്തമാക്കി.

സർക്കാരിന്റെ ഇലക്ട്രോണിക്സ് നിർമാണ പ്രോത്സാഹാന നടപടികളുടെ പ്രധാന ഗുണഭോക്താവായി തമിഴ്നാട് മാറിയിട്ടുണ്ട്. സംസ്ഥാനത്തുടനീളമുള്ള നിരവധി നിർമാണ കേന്ദ്രങ്ങൾക്ക് ഇതിലൂടെ പിന്തുണ ലഭിച്ചു. കൂടാതെ സംസ്ഥാനത്ത് രണ്ട് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾക്ക് സർക്കാർ അംഗീകാരം നല്കുകയും ചെയ്തു.

587 കോടി രൂപ പദ്ധതി ചെലവിൽ 474.3 ഏക്കർ സ്ഥലത്ത് മനല്ലൂരിലും 424.55 കോടി രൂപ ചെലവിൽ 379.3 ഏക്കർ സ്ഥലത്ത് പിള്ളപ്പാക്കത്തുമാണ് ഇവ സ്ഥാപിക്കുന്നത്.

# ബൈജൂസിന് ആശ്വാസം; യുഎസ് കമ്പനികൾക്ക് തിരിച്ചടി

**ന്യൂഡൽഹി:** കടം വാങ്ങിയ തുക തിരിച്ചുകൊടുക്കാത്തതിനെ തുടർന്ന് പാപ്പരത്ത നടപടി നേരിടുന്ന ബൈജൂസിന് 'തൽക്കാലം' ആശ്വാസം. പാപ്പരത്ത നടപടികളുടെ ഭാഗമായി ബൈജൂസിന്റെ ആസ്തികൾ ലേലം ചെയ്യുന്നത് നാഷനൽ കമ്പനി ലോ ട്രൈബ്യൂണൽ (എൻസിഎൽടി) അടുത്തവാദം കേൾക്കുന്ന ഓഗസ്റ്റ് 31 വരെ മരവിപ്പിച്ചു. മലയാളിയായ ബൈജു രവീന്ദ്രൻ സ്ഥാപിച്ച എഡ്യുടെക് കമ്പനിയാണ് ബൈജൂസ്. ഈ കമ്പനിയുടെ മാതൃസ്ഥാപനമായ തിങ്ക് ആൻഡ് ലേണിന്റെ സ്വത്ത് ലേലം ചെയ്യുന്നതിനാണ് താൽക്കാലിക സ്റ്റേ.

യുഎസ് വായ്പാദാതാക്കളിൽ നിന്നെടുത്ത വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്നാണ് ബൈജൂസ് പാപ്പരത്ത നടപടികളിൽ അകപ്പെട്ടത്. 11,433 കോടി രൂപ ആവശ്യപ്പെട്ടാണ് യുഎസ് കമ്പനികളുടെ കേസ്.

എന്നാൽ ഈ തുക ശരിയാണോയെന്ന് കൃത്യമായി പരിശോധിക്കാതെ ലേല നടപടികളെടുക്കുന്നത് ശരിയല്ലെന്നും നിർത്തിവയ്ക്കണമെന്നും ബൈജൂസ് ട്രൈബ്യൂണലിനോട് ആവശ്യപ്പെട്ടിരുന്നു. ഇതു പരിഗണിച്ചാണ് സ്റ്റേ. എന്നാൽ, ലേലം മാത്രമാണ് സ്റ്റേ ചെയ്യുന്നതെന്നും പാപ്പരത്ത നടപടി റദ്ദാക്കില്ലെന്നും ട്രൈബ്യൂണൽ വ്യക്തമാക്കി.

സ്വത്തുക്കളുടെ ലേല നടപടികൾ നിയന്ത്രിക്കുന്ന റസല്യൂഷൻ പ്രൊഫഷണലിനോടാണ് (ആർപി) ലേലം തൽക്കാലം നിർത്തിവയ്ക്കാൻ ട്രൈബ്യൂണൽ നിർദേശിച്ചത്.

ബൈജു രവീന്ദ്രൻ, സഹോദരൻ റിജു രവീന്ദ്രൻ എന്നിവരാണ് കോടതിയിൽ 'തടസ്സ' ഹർജി നൽകിയത്. ബൈജൂസിന്റെ വാദം കേൾക്കുമെന്ന് ട്രൈബ്യൂണൽ പറഞ്ഞു. ബൈജൂസ് ഇന്ത്യയ്ക്ക് പുറമേ യുഎസ്, സിംഗപ്പൂർ എന്നിവിടങ്ങളിലും കോടതി നടപടികൾ നേരിടുകയാണ്. ഖത്തർ കമ്പനി നൽകിയ കേസിൽ സിംഗപ്പൂർ കോടതി ബൈജു രവീന്ദ്രന് 6 മാസം തടവും 70,000 ഡോളർ (ഏകദേശം 68 ലക്ഷം രൂപ) പിഴയും വിധിച്ചിരുന്നു. എന്നാൽ, ഇതു പിന്നീട് കോടതി സ്റ്റേ ചെയ്തു.

# 57,500 കോടിക്ക് ആഴ്സലർ മിത്തൽ ലിവർപൂളിനെയും വാങ്ങുന്നു

**മുംബൈ:** ഇന്ത്യൻ പ്രീമിയർ ലീഗിലെ (ഐപിഎൽ) ഏറ്റവും ശ്രദ്ധേയ ടീമുകളിലൊന്നായ രാജസ്ഥാൻ റോയൽസിന്റെ (ആർആർ) ഉടമസ്ഥാവകാശം സ്വന്തമാക്കിയ ഇന്ത്യൻ ശതകോടീശ്വരൻ പ്രമുഖ ഇംഗ്ലീഷ് പ്രീമിയർ ലീഗ് (ഇപിഎൽ) ഫുട്ബോൾ ടീമായ ലിവർപൂളിന്റെ ഓഹരികളും വാങ്ങാനൊരുങ്ങുന്നു. സ്റ്റീൽ വ്യവസായരംഗത്തെ ഭീമനായ ആഴ്സലർ മിത്തൽ കമ്പനി ചെയർമാൻ ലക്ഷ്മി മിത്തലിന്റെ പിന്തുണയോടെ മരുമകൻ അമിത് ഭാട്ടിയയാണ് ലിവർപൂളിന്റെ ന്യൂനപക്ഷ ഓഹരികൾ വാങ്ങാനൊരുങ്ങുന്നത്.

ലിവർപൂൾ ഫുട്ബോൾ ക്ലബ്ബിന് 600 കോടി ഡോളർ (ഏകദേശം 57,500 കോടി രൂപ) മൂല്യം വിലയിരുത്തിയാകും ഡീലെന്ന് ഫിനാൻഷ്യൽ ടൈംസ് റിപ്പോർട്ട് ചെയ്തു. ബ്രിട്ടീഷ് ഇന്ത്യൻ ശതകോടീശ്വരൻ അമിത് ഭാട്ടിയ നയിക്കുന്ന കൺസോർഷ്യം ഓഹരി വാങ്ങാൻ താൽപ്പര്യപ്പെടുന്നുണ്ടെന്ന് ലിവർപൂളിന്റെ നിലവിലെ ഉടമസ്ഥരായ യുഎസിലെ ഫെൻവേ സ്പോർട്സ് ഗ്രൂപ്പ് (എഫ്എസ്ജി) സ്ഥിരീകരിച്ചു. എന്നാൽ അമിത് ഭാട്ടിയയോ ലക്ഷ്മി മിത്തലോ പ്രതികരിച്ചിട്ടില്ല.

600 കോടി മൂല്യത്തിൽ ഡീൽ ഉറപ്പിച്ചാൽ ലോകത്ത് ഒരു ഫുട്ബോൾ ക്ലബ്ബിന് ലഭിക്കുന്ന ഏറ്റവും വലിയ മൂല്യത്തിലൊന്നായിരിക്കും അത്. 2023ൽ ബ്രിട്ടീഷ് ശതകോടീശ്വരൻ ജിം റാറ്റ്ക്ലിഫ് മാഞ്ചസ്റ്റർ യുണൈറ്റഡിലെ ന്യൂനപക്ഷ ഓഹരികൾ വാങ്ങിയത് ക്ലബ്ബിന് 630 കോടി ഡോളർ മൂല്യം വിലയിരുത്തിയായിരുന്നു. 2010ലാണ് ലിവർപൂളിനെ എഫ്എസ്ജി വാങ്ങിയത്.

നിലവിൽ ഇംഗ്ലണ്ടിലെ രണ്ടാംനിര ഫുട്ബോൾ ലീഗ് ടീമായ ക്വീൻസ് പാർക്ക് റേഞ്ചേഴ്സിൽ അമിത് ഭാട്ടിയയ്ക്ക് ഓഹരി പങ്കാളിത്തമുണ്ട്. ലിവർപൂളിൽ ഓഹരി നേടുന്നതിന് മുന്നോടിയായി അദ്ദേഹം ഈ ക്ലബ്ബിലെ ഓഹരികൾ ക്വീൻസ് പാർക്ക് റേഞ്ചേഴ്സിന്റെ പ്രമുഖ ഓഹരിയുടമയായ റൂബൻ ജ്ഞാനലിംഗത്തിന് കൈമാറിയേക്കുമെന്നും ഫിനാൻഷ്യൽ ടൈംസ് റിപ്പോർട്ട് ചെയ്യുന്നു. ഒരേസമയം രണ്ട് ഫുട്ബോൾ ക്ലബ്ബുകളുടെ ഉടമസ്ഥാവകാശം ഒഴിവാക്കാനാണിത്.

ഇംഗ്ലീഷ് പ്രീമിയർ ലീഗിലെ ഏറ്റവും മികച്ച ടീമുകളിലൊന്നാണ് ലിവർപൂൾ. 6 തവണ യുവേഫ ചാംപ്യന്മാരായി. ഇപിഎൽ കിരീടം ചൂടിയത് 20 തവണ. ഇതു റെക്കോർഡാണ്. വരുമാനം മുൻവർഷത്തെ 613 മില്യൻ പൗണ്ടിൽ നിന്ന് 2024-25ൽ 700 മില്യൻ കടന്നിരുന്നു.

ഇന്ത്യൻ പ്രീമിയർ ലീഗിലെ (ഐപിഎൽ) രാജസ്ഥാൻ റോയൽസ് ടീമിനെ കഴിഞ്ഞ മേയിലാണ് 15,600 കോടി രൂപയ്ക്ക് മിത്തൽ കുടുംബം ഏറ്റെടുത്തത്.






# കരുതലിന്റെ സന്ദേശവുമായി വസ്ത്രക്കൂട് പദ്ധതിക്ക് തുടക്കം

**അഞ്ചൽ:** സമൂഹത്തിലെ ആവശ്യക്കാരിലേക്ക് സ്നേഹവും കരുതലും പങ്കുവെക്കുക എന്ന ലക്ഷ്യത്തോടെ ഹോളി ഫാമിലി സ്കൂളിൽ വസ്ത്രക്കൂട് പദ്ധതി ആരംഭിച്ചു. ഉപയോഗ യോഗ്യമായ വസ്ത്രങ്ങൾ ശേഖരിച്ച് അർഹരായവരിലേക്ക് എത്തിക്കുന്ന ഈ സാമൂഹിക സേവന പദ്ധതിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് രാജിമോളും ഹോളിഫാമിലി സ്കൂൾ മാനേജർ സിസ്റ്റർ ഫ്ളവർലിറ്റ് തുണ്ടിലും ചേർന്ന് നിർവഹിച്ചു.

ചടങ്ങിൽ കെവിവിഇഎസ് പ്രസിഡന്റ് ഫസൽ, കെവിവിഇഎസ് സെക്രട്ടറി ഇന്ദുലാൽ, സ്കൂൾ വൈസ് പ്രിൻസിപ്പൽ വിജി, വസ്ത്രക്കൂടിനായി സ്ഥലം അനുവദിച്ച മോബിസ് ഉടമ രാജേഷ്, കെവിവിഇഎസ് യൂത്ത് വിംഗ് പ്രസിഡന്റ് ബിസ്മി അനീഷ്, ട്രഷറർ അസ്ലം, പിടിഎ പ്രസിഡന്റ് ഹരീഷ്, പിടിഎ വൈസ് പ്രസിഡന്റ് ഡയാന എന്നിവർ പ്രസംഗിച്ചു.

ശേഖരിക്കുന്ന വസ്ത്രങ്ങൾ വൃത്തിയാക്കി ക്രമീകരിച്ച ശേഷം അർഹരായ കുടുംബങ്ങളിലേക്ക് എത്തിക്കുന്ന രീതിയിലാണ് പദ്ധതി നടപ്പാക്കുക. പ്രിൻസിപ്പൽ സിസ്റ്റർ ലിസ് മരിയ പരിപാടിക്ക് നേതൃത്വം നൽകി.

# മലബാർ റിവർ ഫെസ്റ്റിവൽ: തേവർമലയിലേക്ക് മഴനടത്തം സംഘടിപ്പിച്ചു

**കോടഞ്ചേരി:** ജൂലൈ 30 മുതൽ ഓഗസ്റ്റ് രണ്ട് വരെ കോഴിക്കോട് ചാലിപ്പുഴയിലും ഇരുവഞ്ഞിപ്പുഴയിലുമായി നടക്കുന്ന മലബാർ റിവർ ഫെസ്റ്റിവലിന്റെ പ്രചാരണാർഥം കോടഞ്ചേരി പഞ്ചായത്തും മാമ്പറ്റ ഡോൺ ബോസ്കോ കോളജ് ടൂറിസം ക്ലബും ചേർന്ന് തേവർമലയിലേക്ക് മഴനടത്തം സംഘടിപ്പിച്ചു.

കേരള ടൂറിസം, കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി, ഡിടിപിസി കോഴിക്കോട് എന്നിവയുടെ സഹകരണത്തോടെ നടന്ന പരിപാടിയുടെ ഫ്ളാഗ് ഓഫ് സി.കെ കാസിം എംഎൽഎ നിർവഹിച്ചു.

കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് അന്നക്കുട്ടി ദേവസ്യ അധ്യക്ഷയായി. ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ ജോബി ഇലന്തൂർ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് അലക്സ് തോമസ്, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ വിൻസന്റ് വടക്കേമുറിയിൽ, റിയാന സുബൈർ, മിനി സണ്ണി, പഞ്ചായത്ത് അംഗം ജ്യോതി സന്തോഷ്, ഡോൺ ബോസ്കോ കോളജ് മാനേജർ ഫാ. മാർട്ടിൻ അഗസ്റ്റിൻ, പിആർഒ സന്തോഷ് അഗസ്റ്റിൻ, ലിജു ജോസഫ്, വിവിധ സബ് കമ്മിറ്റി ഭാരവാഹികളായ പോൾസൺ അറയ്ക്കൽ, ബെനിറ്റോ ചാക്കോ എന്നിവർ പ്രസംഗിച്ചു.




# രാജ്യത്തുടനീളം 76,000 നേത്രദാനപത്രം കണ്ടെത്തുക ലക്ഷ്യം: ഉപരാഷ്ട്രപതി

**കോയമ്പത്തൂർ:** രാജ്യത്തുടനീളമുള്ള 76,000 ആളുകളിൽ നിന്ന് നേത്രദാനം സ്വീകരിക്കുക എന്നതാണ് ലക്ഷ്യമെന്നു കോയമ്പത്തൂരിലെ ജികെഎൻഎം ആശുപത്രിയുടെ നഴ്സിംഗ് കോളജിന്റെ ഉദ്ഘാടന ചടങ്ങിൽ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. നേത്രരോഗവിദഗ്ധരേയും സാങ്കേതിക വിദഗ്ധരേയും പരിശീലിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനും സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. 2047 നകം ഇന്ത്യ വികസിതരാഷ്ട്രമായി മാറുമെന്നും ആരോഗ്യമേഖലയിൽ മികച്ച വിജയം കൈവരിക്കുമെന്നും പറഞ്ഞു.

തമിഴ്നാട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, കുപ്പുസാമി നായിഡു ഫൗണ്ടേഷൻ ചെയർമാൻ ആർ. ഗോപിനാഥ്, വൈസ് പ്രസിഡന്റ് സഞ്ജയ് ജയവർധനവേലു, ജികെഎൻഎം ആശുപത്രി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. രഘുപതി വേലുസാമി തുടങ്ങിയവർ പ്രസംഗിച്ചു.




**എറണാകുളം ഗോകുലം കൺവെൻഷൻ സെന്ററിൽ സൂപ്പർ മാർക്കറ്റ് വെൽഫെയർ അസ്സോസിയേഷൻ ഓഫ് കേരള (സ്വാക്ക്) എറണാകുളം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ഓണം ഫെസ്റ്റും വാർഷിക പൊതുയോഗവും സംസ്ഥാന പ്രസിഡന്റ് ജോർഫിൻ പെട്ട ഉദ്ഘാടനം ചെയ്യുന്നു. സാജു മൂലൻ, മാത്യു ജോസഫ്, അബ്ദുൽ അസ്സീസ്, നാരായണ ബാബു, കെ.എ.സിയാവുദീൻ, കെ.എ.മുഹമ്മദ് അൻസാഫ്, അരുൺ അരവിന്ദ് തുടങ്ങിയവർ സമീപം.**

# സൂപ്പർ മാർക്കറ്റ് വെൽഫെയർ അസ്സോസിയേഷൻ (സ്വാക്ക്) ഓണം ഫെസ്റ്റും ബിടുബി മീറ്റും സംഘടിപ്പിച്ചു

**കൊച്ചി:** സൂപ്പർ മാർക്കറ്റ് വെൽഫെയർ അസ്സോസിയേഷൻ ഓഫ് കേരള (സ്വാക്ക്) എറണാകുളം ജില്ലാ വാർഷിക പൊതുയോഗവും ഓണം ഫെസ്റ്റും ബിടുബി മീറ്റും ഗോകുലം കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് ജോർഫിൻ പെട്ട ചടങ്ങ് ഉദ്ഘാടനം ചെയ്തു. എറണാകുളം ജില്ലാ പ്രസിഡന്റ് അബ്ദുൽ അസ്സീസ് അധ്യക്ഷത വഹിച്ചു.

കാലത്തിനൊത്ത മാറ്റങ്ങൾ ഉൾക്കൊണ്ട് ബിസിനസ്സ് മുന്നോട്ട് കൊണ്ടുപോകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് മുഖ്യപ്രഭാഷണം നടത്തിയ ഫ്രഷ് ടു ഹോം സിഇഒ മാത്യു ജോസഫ് സംസാരിച്ചു. ഉപഭോക്താക്കളുടെ അഭിരുചികൾ ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഡേറ്റ കൃത്യമായി വിശകലനം ചെയ്ത് ബിസിനസ്സിൽ മാറ്റങ്ങൾ വരുത്തിയില്ലെങ്കിൽ സംരംഭങ്ങൾ പരാജയപ്പെടുമെന്ന് അദ്ദേഹം വ്യക്തമാക്കി. സംരംഭകരുടെ വളർച്ചയിൽ കുടുംബാംഗങ്ങളുടെ പിന്തുണ അനിവാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഓൺലൈൻ വ്യാപാരത്തിന്റെ വളർച്ചയെയും അതിന്റെ സാധ്യതകളെയും കുറിച്ച് അദ്ദേഹം വിശദീകരിച്ചു. അനാരോഗ്യപരമായ മത്സരങ്ങളാണ് പലപ്പോഴും സൂപ്പർമാർക്കറ്റുകളെ നഷ്ടത്തിലേക്ക് നയിക്കുന്നത്. നിലവിൽ 25 ശതമാനത്തോളം ആളുകൾ ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നുണ്ടെന്നും വരും ദിവസങ്ങളിൽ ഇത് വർദ്ധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. അതിനാൽ ഒറ്റയ്ക്കോ കൂട്ടായോ എല്ലാ സൂപ്പർ മാർക്കറ്റ് ഉടമകളും ഓൺലൈൻ വ്യാപാര സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

ചടങ്ങിന്റെ ഭാഗമായി വിവിധ കമ്പനികളുടെ പുതിയ ഉൽപ്പന്നങ്ങളുടെ വിതരണോദ്ഘാടനം, അവാർഡ് വിതരണം, ഭാഗ്യക്കുറി നറുക്കെടുപ്പ്, ചാരിറ്റി പ്രവർത്തനങ്ങളുടെ ഉദ്ഘാടനം എന്നിവയും നടന്നു. പുതിയ ലേബർ കോഡിനെക്കുറിച്ച് വർക്കിച്ചൻ പെട്ട ബോധവൽക്കരണ ക്ലാസും എടുത്തു. പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ചടങ്ങിൽ നടന്നു.

സ്വക്ക് സംസ്ഥാന ജനറൽ സെക്രട്ടറി കെ.എ.സിയാവുദീൻ, സംസ്ഥാന വൈസ് പ്രസിഡന്റ് സാജു മൂലൻ,എറണാകുളം ജില്ലാ ജനറൽ സെക്രട്ടറി കെ.എ.മുഹമ്മദ് അൻസാഫ്, ട്രഷറർ അരുൺ അരവിന്ദ്, ബിടുബി ഫെസ്റ്റ് ചെയർമാൻ നാരായണ ബാബു, വൈസ് ചെയർമാൻ പി.എം.അഷറഫ്,എം.എ റാഫി,അബ്ദുൽ സലാം തുടങ്ങിയവർ സംസാരിച്ചു.

# ഓപ്പറേഷൻ തുഫാനുമായി കൈകോർത്ത് അമൃത ആശുപത്രി

**കൊച്ചി:** ലഹരി മാഫിയായ്ക്കെതിരെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ഓപ്പറേഷൻ തൂഫാനുമായി കൊച്ചി അമൃത ആശുപത്രയും കൈകോർക്കുന്നു. ജൂലൈ 25ന് അശുപത്രി ബി ബ്ലോക്കിലെ അമൃതായനം ഹാളിൽ രാവിലെ 10.30 'ഓപ്പറേഷൻ തൂഫാൻ ദി നാർക്കോ ഹണ്ടിന്റെയും ആദിവാസി മേഖലകളിലെ ആരോഗ്യ ബോധവൽക്കരണത്തിനും ചികിത്സാ സേവനങ്ങൾ വ്യാപിപ്പിക്കുന്നതിനുമായി രൂപീകരിച്ച തൂഫാൻ ട്രൈബൽ ഹെൽത്ത് കെയർ അവെയർനെസ്സ് ആൻഡ് മെഡിക്കൽ പ്രോഗ്രാം ഇനിഷ്യേറ്റീവിന്റെയും (തൂഫാൻതമ്പി) ഉദ്ഘാടനം സംസ്ഥാന ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല നിർവ്വഹിക്കും. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ മുഖ്യാതിഥിയായിരിക്കും. ചടങ്ങിൽ തൂഫാൻ അമൃത സോഫ്റ്റ്വെയറിന്റെ പ്രാശനവും അദ്ദേഹം നിർവ്വഹിക്കും. ടി.ജെ.വിനോദ് എം.എൽ.എ. പദ്ധതിയുടെ ലോഗോ പ്രകാശനം നിർവഹിക്കും. കേരള സംസ്ഥാന പോലീസ് മേധാവി രവാഡ എ. ചന്ദ്രശേഖർ ഐ.പി.എസ്. മുഖ്യപ്രഭാഷണം നടത്തും. ഓപ്പറേഷൻ തൂഫാൻ പദ്ധതിയെക്കുറിച്ച് സംസ്ഥാന നോഡൽ ഓഫീസർ ഡിഐജി പുട്ട വിമലാദിത്യ ഐപിഎസ് വിശദീകരിക്കും. അമൃത ആശുപത്രി പ്രൊവോസ്റ്റും ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടറുമായ ഡോ. പ്രേം നായർ സ്വാഗതം പറയും.മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി അനുഗ്രഹപ്രഭാഷണം നടത്തും. അമൃത ടെക്നോളജീസ് വികസിപ്പിച്ച തൂഫാൻ അമൃത സോഫ്റ്റ്വെയർ അമൃത ടെക്നോളജീസിന്റെ സി.ഇ.ഒ പ്രദീപ് അച്ചൻ പരിചയപ്പെടുത്തും. 24 ന്യൂസ് മാനേജിംഗ് ഡയറക്ടർ ആർ. ശ്രീകണ്ഠൻ നായർ തൂഫാൻഅമൃത ഹെൽത്ത്കെയർ വാരിയേഴ്സിനെ പ്രഖ്യാപിക്കും. പ്രൊഫ. ഡോ. സി. ശ്രീകുമാർ, അമൃത ആശുപത്രി ജനറൽ മാനേജറും തൂഫാൻഅമൃത ടീം ചീഫ് കോഓർഡിനേറ്ററുമായ ഡോ. ജഗ്ഗു സ്വാമി , അഡ്വ. കെ. ആനന്ദ്, സി. കെ .പ്രദീപ് ബിജു മേലാറ്റൂർ, കൊച്ചി അമൃത ആശുപത്രി ജനറൽ മാനേജർ ഡോ. രഹന സി. മുകുന്ദൻ, മുൻ സൈക്യാട്രി വിഭാഗം പ്രൊഫസർ ഡോ. ദിനേശ്, അമൃത വിദ്യാലയം കേരള അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ ജി.എസ് സജികുമാർ, അമൃത സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ പ്രൊഫ. ഡോ. കെ. പി ഗിരീഷ് കുമാർ എന്നിവർ പ്രസംഗിക്കും.



# ഓണം ഖാദിമേളക്ക് തിരുവനന്തപുരത്ത് തുടക്കമായി

**തിരുവനന്തപുരം:** ഖാദി വസ്ത്രത്തിനപ്പുറം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലൂടെ രാജ്യത്തിന്റെ ആത്മാവും വികാരവുമായി മാറിയെന്ന് ആരോഗ്യദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ പറഞ്ഞു. കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെയും സംസ്ഥാനത്തെ അംഗീകൃത ഖാദി സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഓണം ഖാദി മേള പാളയം എൽ എം എസ് കോമ്പൗണ്ടിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുരളീധരൻ.

സ്വാതന്ത്ര്യസമരകാലത്ത് മഹാത്മാഗാന്ധി സ്വദേശി പ്രസ്ഥാനത്തിലൂടെ ഖാദിയെ ദേശീയ ഐക്യത്തിന്റെ പ്രതീകമാക്കി. വിദേശ വസ്ത്രങ്ങൾ ബഹിഷ്കരിച്ച് സ്വദേശി ഉത്പ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിച്ചതിലൂടെ രാജ്യത്തെ സ്വാതന്ത്ര്യസമരത്തിനായി ജനങ്ങളെ അണിനിരത്താൻ ഖാദിനിർണായക പങ്കു വഹിച്ചു.

ഇന്ന് ഖാദി മേഖല വസ്ത്രങ്ങൾക്കപ്പുറം ചെരിപ്പ്, ഗ്രാമവ്യവസായ ഉത്പ്പന്നങ്ങൾ തുടങ്ങി വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന മേഖലയായി വളർന്നിട്ടുണ്ട്. ഖാദി മേഖലയിലെ തൊഴിലാളികളിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നും അവരുടെ ഉപജീവനത്തിനും ഗ്രാമീണ സമ്പദ്വ്യവസ്ഥയുടെ വളർച്ചയ്ക്കും ഈ മേഖല വലിയ സംഭാവന നൽകുന്നു.

ഖാദി മേഖലയ്ക്ക് രാജ്യത്ത് ഏറ്റവും കൂടുതൽ പിന്തുണ നൽകുന്ന സംസ്ഥാനമാണ് കേരളം. വരുമാന പിൻതുണ ഉൾപ്പെടെയുള്ള വിവിധ സഹായങ്ങൾ സംസ്ഥാന സർക്കാർ തുടരുകയാണ്. വിദേശരാജ്യങ്ങളിൽ നിന്നുള്ള കുറഞ്ഞ വിലയിലുള്ള തുണിത്തരങ്ങളുടെ മത്സരത്തെ അതിജീവിച്ചുകൊണ്ട് ഖാദി ഉത്പ്പന്നങ്ങൾക്ക് വിദേശ വിപണിയിലും മികച്ച സ്വീകാര്യത ലഭിക്കുന്നുണ്ട്. സർക്കാർ വകുപ്പുകൾക്ക് സാധ്യമാകുന്നിടത്തോളം ഖാദി ഉത്പ്പന്നങ്ങൾക്ക് മുൻഗണന നൽകുന്ന നിലപാട് തുടരുമെന്നും മന്ത്രി വ്യക്തമാക്കി.

എം വിൻസെന്റ് എം എൽ എ അധ്യക്ഷനായ ചടങ്ങിൽ എം ആർ. ബൈജു എം എൽ എ ആദ്യവില്പന നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി പ്രിയദർശിനി സമ്മാനപദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു.

ആഗസ്റ്റ് 25 വരെ നടക്കുന്ന മേളയിൽ ഖാദി ഉത്പ്പന്നങ്ങൾക്ക് 30 ശതമാനം വരെ സർക്കാർ റിബേറ്റും സർക്കാർ, അർദ്ധസർക്കാർ, ബാങ്ക് ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യവും ലഭ്യമാകും. ഓരോ ആയിരം രൂപയുടെ വാങ്ങലിനും ലഭിക്കുന്ന സമ്മാനക്കൂപ്പൺ വഴി ഒന്നാം സമ്മാനമായി ടാറ്റ ടിയാഗോ കാർ, രണ്ടാം സമ്മാനമായി 14 ജില്ലകളിലായി ഓരോ സുസുക്കി അക്സസ് സ്കൂട്ടർ, മൂന്നാം സമ്മാനമായി 5,000 രൂപയുടെ 30 ഖാദി ഗിഫ്റ്റ് വൗച്ചറുകൾ എന്നിവ നൽകും. കൂടാതെ ജില്ലകളിൽ ആഴ്ചതോറും നറുക്കെടുപ്പിലൂടെ 3,000 രൂപയുടെ ഖാദി ഗിഫ്റ്റ് വൗച്ചറുകളും വിതരണം ചെയ്യും.

മില്ലേനി, സമ്മർകൂൾ, ലീഡർ, റോയൽ ഇന്ത്യൻ ബ്രാൻഡുകളിലെ റെഡിമെയ്ഡ് ഷർട്ടുകൾ, വിവാഹ വസ്ത്രങ്ങൾ, ഡോക്ടേഴ്സ്നേഴ്സസ് കോട്ടുകൾ, സിൽക്ക്കോട്ടൺ ചുരിദാർ ടോപ്പുകൾ, സാരികൾ, ഷർട്ടുകൾ, കുഞ്ഞുടുപ്പുകൾ, ജുബ്ബകൾ, വിവിധയിനം ദോത്തികൾ എന്നിവയ്ക്കൊപ്പം വിവിധ ഗ്രാമവ്യവസായ ഉത്പ്പന്നങ്ങളും മേളയിൽ ലഭ്യമാണ്.

ചടങ്ങിൽ കെ വി ഐ സി സംസ്ഥാന ഡയറക്ടർ സി ജി ആണ്ടവർ, ഖാദി ബോർഡ് എഫ് എ & സി എ ഒ ഡി സദാനന്ദൻ, കെ കെ വി ഐ എഫ് സെക്രട്ടറി ഇ എ ബാലൻ, ഖാദി ബോർഡിലെ ഡയറക്ടർമാർ, ഉദ്യോഗസ്ഥർ വിവിധ സർവീസ് സംഘടനാ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് സെക്രട്ടറി ഡോ. കെ.എ. രതീഷ് സ്വാഗതവും ഡയറക്ടർ (മാർക്കറ്റിംഗ്) ഷിബി കെ. നന്ദിയും രേഖപ്പെടുത്തി.



# സപ്ലൈകോ അരിമില്ലുകൾ സ്ഥാപിക്കാൻ ആലോചന; ആന്ധ്ര മന്ത്രിയുമായി ചർച്ച നടത്തി മന്ത്രി അനൂപ് ജേക്കബ്

**തിരുവനന്തപുരം:** പൊതുവിതരണ, ഭക്ഷ്യധാന്യ, നെല്ല് സംഭരണ വിഷയങ്ങളിൽ ഭക്ഷ്യമന്ത്രി അനൂപ് ജേക്കബ് ആന്ധ്രപ്രദേശ് ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി നാദെന്ദല മനോഹറുമായി ചർച്ച നടത്തി. വിജയവാഡയിലെത്തിയ മന്ത്രി അനൂപ് ജേക്കബ്, കർഷക സേവാകേന്ദ്രവും അരിമില്ലും സന്ദർശിച്ചു. കേരളത്തിലെ നെല്ല് സംഭരണ സംവിധാനം മെച്ചപ്പെടുത്താനായി രാജ്യത്തെ തന്നെ മികച്ച മാതൃകകൾ നേരിട്ടു വിലയിരുത്താനാണ് മന്ത്രിയുടെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം ആന്ധ്രയിലെത്തിയത്.

നെല്ല് സംഭരണ വിതരണ രീതി, തുക വിതരണം, നെല്ല് ഗുണമേന്മ പരിശോധന, മില്ലുകളുടെ പ്രവർത്തനം, ബില്ലിങ് സമ്പ്രദായം തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടന്നു. ആന്ധ്രയിലെ നെല്ല് സംഭരണസംസ്കരണ സംവിധാനങ്ങൾ, സംഭരണശാലകളുടെ പ്രവർത്തനം, സാങ്കേതികവിദ്യയുടെ ഉപയോഗം, കർഷക സേവാ കേന്ദ്രങ്ങളുടെ പ്രവർത്തനരീതി എന്നിവ സംഘം വിലയിരുത്തി. കാക്കിനാടയിലെ അരിമില്ലുകളും വയലുകളും സന്ദർശിച്ച് നെല്ല് സംസ്കരണവും ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങളും മനസ്സിലാക്കി മാതൃകാപരമെങ്കിൽ കേരളത്തിൽ നടപ്പാക്കാൻ കഴിയുമോ എന്നാണു പരിശോധിക്കുന്നത്.

സപ്ലൈകോ സ്വന്തമായി അരിമില്ലുകൾ സ്ഥാപിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ട്. നിലവിൽ ആന്ധ്രയിൽ കർഷകനു ഒരു കിലോ നെല്ലിനു 24 രൂപ നൽകുമ്പോൾ, കേരളത്തിൽ 30.12 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസും നൽകുന്നു. ആന്ധ്രയിലാകട്ടെ, കേന്ദ്ര ബോണസ് മാത്രമാണുള്ളത്. നല്ല ആശയങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് തയാറാക്കി നൽകാൻ സപ്ലൈകോ എംഡിയോടു മന്ത്രി അനൂപ് ജേക്കബ് നിർദേശിച്ചു. ഭക്ഷ്യസിവിൽ സപ്ലൈസ് കമ്മിഷണർ കെ.കന്നബാബു, സിവിൽ സപ്ലൈസ് കോർപറേഷൻ ചെയർമാൻ ടി.സുധീർ, ഡയറക്ടർ അജയ് നാപുർ, കേരള സപ്ലൈകോ എംഡി. എം.വി.ജയകൃഷ്ണൻ, എജിഎം (മാർക്കറ്റിങ്) എം.ആർ.ദീപു തുടങ്ങിയ ഉദ്യോഗസ്ഥർ ചർച്ചയിൽ സംബന്ധിച്ചു.

# കെ എസ് ആർ ടി സി പിങ്ക് ബസ് ലേഡീസ് ഓൺലി സർവീസിന് തുടക്കമായി

**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ നൂറ് ദിന കർമപരിപാടികളുടെ ഭാഗമായി കെ എസ് ആർ ടി സി ആരംഭിച്ച 'പിങ്ക് ബസ്' ലേഡീസ് ഓൺലി സർവീസിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ മന്ത്രി സി പി ജോൺ നിർവഹിച്ചു. തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതവും സൗകര്യപ്രദവുമായ യാത്ര ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

സ്ത്രീകൾക്ക് സ്വതന്ത്രമായി സഞ്ചരിക്കാൻ കഴിയുന്ന സാഹചര്യം ഒരുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ടെക്നോപാർക്ക് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വനിതകൾക്ക് രാത്രികാല യാത്രയിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി രാത്രി എട്ടിനും പത്തിനും പിങ്ക് ബസ് സർവീസുകൾ നടത്തും. വൈകാതെ മറ്റു ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുമെന്നും യാത്രക്കാരുടെ ആവശ്യങ്ങൾ വിലയിരുത്തി റൂട്ടുകളും സമയക്രമവും ശാസ്ത്രീയമായി നിശ്ചയിക്കുമെന്നും മന്ത്രി പറഞ്ഞു.




രാത്രി സർവീസുകൾക്ക് പുറമെ പകൽ സമയങ്ങളിലും പിങ്ക് ബസിന്റെ സേവനം ലഭ്യമാക്കും. ട്രെയിനിൽ എത്തുന്ന സ്ത്രീകൾ, ചെറിയ കുട്ടികളുമായി യാത്ര ചെയ്യുന്ന അമ്മമാർ, രോഗികൾ തുടങ്ങിയവർക്ക് മെഡിക്കൽ കോളേജിലേക്ക് സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിനായാണ് രാവിലെ പിങ്ക് ബസ് സർവീസുകൾ ക്രമീകരിച്ചിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. പൊതുഗതാഗത ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിൽ കെ എസ് ആർ ടി സി മാതൃകാപരമായ പ്രവർത്തനമാണ് നടത്തുന്നത്. ജനങ്ങൾക്കിടയിൽ ശക്തമായ വിശ്വാസവും സ്വീകാര്യതയും കെ എസ് ആർ ടി സി നേടിയിട്ടുണ്ടെന്നും, ഇത് ജീവനക്കാരുടെ ആത്മവിശ്വാസവും അഭിമാനവും വർധിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. സൗജന്യ യാത്രാ പദ്ധതികൾ നടപ്പാക്കുന്നതിന്റെ പേരിൽ ജീവനക്കാരുടെ ശമ്പളം മുടങ്ങുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ലെന്നും മന്ത്രി പറഞ്ഞു.

കൗൺസിലർ ഹരികുമാർ അധ്യക്ഷനായി. കെ എസ് ആർ ടി സി ചെയർമാനും മാനേജിങ് ഡയറക്ടറുമായ പി എസ് പ്രമോജ് ശങ്കർ സ്വാഗതമാശംസിച്ചു. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, യാത്രക്കാർ എന്നിവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പ്രോട്ടീൻ സമ്പന്നം, കടൽപായൽ വീട്ടിലും നിർമിക്കാം

മെനു കാർഡിൽ പാസ്ത-കടൽപായൽ, നൂഡിൽസ്-കടൽപായൽ, മാർമലെഡ് കടൽപായൽ... എന്നൊക്കെ കണ്ടിട്ടുണ്ടോ? മെനു കാർഡിൽ മാത്രമല്ല, ന്യൂട്രാസ്യൂട്ടിക്കൽ (ഫൂഡ് സപ്ലിമെന്റ്) രംഗത്തും പരിസ്ഥിതി സൗഹൃദ പാക്കേജിങ്ങിലും ബയോമെഡിക്കൽ മേഖലയിലും കടൽപായൽ വ്യാപിച്ചിട്ടുണ്ട്. കടൽത്തീരത്ത് പച്ച, ചുവപ്പ്, തവിട്ട് നിറങ്ങളിൽ കണ്ടുവരുന്ന പായലുകൾ തീൻമേശയിലെത്തിക്കുന്നത് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിലെ(കുഫോസ്) ഗവേഷകരാണ്. കുഫോസിലെ ഫാക്കൽറ്റി ഓഫ് ഓഷ്യൻ സയൻസ് ആൻഡ് ടെക്നോളജിയുടെ ഡീനും അടൽ ഇന്നവേഷൻ സെന്റർ കോഓർഡിനേറ്ററുമായ ഡോ.രാധിക രാജശ്രീയുടെ നേതൃത്വത്തിലായിരുന്നു ഗവേഷണം. വിദ്യാർഥികളായ രൂപ രാജൻ, വൈശാലി പ്രകാശ്, മെർലിൻ മേരി ഫിലിപ്, ശ്വേതാ അശോക് തുടങ്ങിയവരും സംഘത്തിലുണ്ട്.

2021ലാണ് ഗവേഷണം ആരംഭിച്ചത്. ഭക്ഷ്യയോഗ്യമായ പായലുകൾ ശേഖരിച്ചു കഴുകി വൃത്തിയാക്കുന്നതാണ് ആദ്യ കടമ്പ. പാസ്തയും നൂഡിൽസും തയാറാക്കാൻ പായൽ വേവിച്ച് പേസ്റ്റ് രൂപത്തിലാക്കും. ഗോതമ്പും ഉപ്പും ചേർത്ത് എക്സ്ട്രൂഡർ വഴി കടത്തിവിട്ട് ഉണക്കി എടുക്കും. ഇഷ്ടമുള്ള രൂപത്തിൽ മുറിച്ചെടുക്കാം. തിളപ്പിച്ച വെള്ളത്തിൽ പാകം ചെയ്തെടുത്താൽ വിഭവങ്ങൾ റെഡി. മില്ലറ്റുകൾ ചേർത്തു പായൽ വിഭവങ്ങൾ തയാറാക്കുന്ന സാങ്കേതികവിദ്യയും കുഫോസ് വികസിപ്പിച്ചിട്ടുണ്ട്. വായു കയറാതെ നോക്കിയാൽ 6 മാസം വരെ കേടുകൂടാതെ സൂക്ഷിക്കാം. ജാപ്പനീസ് വിഭവമായ സുഷി പൊതിയാൻ ഉപയോഗിക്കുന്ന ഭക്ഷ്യയോഗ്യമായ ലേവർ ഷീറ്റുകളും(നോറി) തയാറാക്കിയിട്ടുണ്ട്. ഇതിനുപുറമേ ബോംബെ ഡ്രിങ്ക്, ഓറഞ്ച് പോലുള്ള പഴങ്ങളുടെ നീരു ചേർത്ത മർമലെഡ് എന്നിവയും കടൽപായലിന്റെ രുചിക്കൂട്ടിലുണ്ട്.



കടൽപായൽ പാക്കേജിങ് സാമഗ്രികളുടെ റിപ്പോർട്ടുകൾ വിവിധ രാജ്യാന്തര ജേണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്റ്റാർട്ടപ് മിഷൻ തിരുവനന്തപുരത്തു സംഘടിപ്പിച്ച ഹഡിൽ ഗ്ലോബൽ സ്റ്റാർട്ടപ് എക്സ്പോയിൽ പാസ്തയുടെയും നൂഡിൽസിന്റെയും സാങ്കേതികവിദ്യ അവതരിപ്പിച്ചിരുന്നു. ഇവയും മറ്റു വിഭവങ്ങളും ഉടൻ വിപണിയിലെത്തും. പേറ്റന്റിനും അപേക്ഷിച്ചിട്ടുണ്ട്. പാസ്തയ്ക്കും നൂഡിൽസിനും നൂറു ഗ്രാം പായ്ക്കറ്റിന് 230-250 രൂപ വരെയാണ് വില നിശ്ചയിച്ചിട്ടുള്ളത്.

ഫാസ്റ്റ് ഫൂഡ് പ്രേമികളും പാലും മുട്ടയുമൊക്കെ കഴിക്കാൻ മടിയുള്ള കുട്ടികളും പ്രോട്ടീൻ കലവറയായ ഈ വിഭവങ്ങളോടു നോ പറയില്ല. അത്രയ്ക്കുണ്ട് രുചി. അമിനോ ആസിഡുകൾ, പൊട്ടാസ്യം, അയേൺ, വൈറ്റമിൻ ബി12, നാരുകൾ, അയഡിൻ തുടങ്ങിയവയാൽ സമ്പന്നമാണു കടൽപായൽ വിഭവങ്ങൾ. മത്സ്യം കഴിക്കാത്തവർക്ക് ആവശ്യമുള്ള പോഷകങ്ങളും ലഭിക്കും. ഹൃദയാരോഗ്യത്തിനും രോഗപ്രതിരോധശേഷിക്കും സഹായിക്കും. രക്തത്തിലെ പഞ്ചസാരയുടെ അളവു സന്തുലിതമാക്കി പ്രമേഹത്തെ നിയന്ത്രിക്കും. ജപ്പാനിലും കൊറിയയിലും കടൽപായൽ വിഭവങ്ങൾ സാലഡിനൊപ്പം ഉപയോഗിക്കാറുണ്ട്. കടൽപായലുകളിൽ നിന്നു പരിസ്ഥിതിസൗഹൃദമായ പാക്കേജിങ് ഫിലിമുകൾ, ബയോ കോട്ടിങ് സാമഗ്രികൾ എന്നിവയും കുഫോസ് വികസിപ്പിച്ചിട്ടുണ്ട്. പായലിൽനിന്നു വേർതിരിച്ചെടുക്കുന്ന ആന്റിഓക്സിഡന്റ്, ആന്റിമൈക്രോബിയൽ ഗുണങ്ങൾ അടങ്ങിയിട്ടുള്ള പോളിമറുകൾ കൊണ്ടു ഭക്ഷണം പൊതിയുന്ന 'ഫിലിമുകൾ' തയാറാക്കാം. മത്സ്യ വിഭവങ്ങൾ കേടുകൂടാതെ സൂക്ഷിക്കാൻ ഇവ അനുയോജ്യമാണെന്നും കുഫോസ് കണ്ടെത്തി.

വർക്കല, വിഴിഞ്ഞം, ആഴിമല, കൊല്ലത്തെ തിരുമുല്ലവാരം എന്നീ തീരങ്ങളിൽ കടൽപായലുകൾ കാണാനാവും. ചെറിയ അളവിൽ മതിയെങ്കിൽ കൈകൊണ്ടു തന്നെ പറിച്ചെടുക്കാം. സംരംഭത്തിനു വേണ്ടിയാണെങ്കിൽ കന്യാകുമാരി പോലെ കടൽപായൽ കൃഷി ചെയ്യുന്ന ഇടങ്ങളിൽ നിന്നു വാങ്ങാം. വിഭവങ്ങൾ തയാറാക്കുന്നതിന് ആവശ്യമുള്ള എക്സ്ട്രൂഡർ അടക്കമുള്ള സാമഗ്രികൾ വിപണിയിലുണ്ട്. താൽപര്യമുള്ളവർക്ക് അടൽ ഇന്നവേഷൻ സെന്റർ വഴി കുഫോസിൽ പരിശീലനം ലഭിക്കും. 12 ലക്ഷം രൂപയുടെ നിർമാണച്ചെലവിൽ വിഭവങ്ങൾ തയാറാക്കാം.

# മികച്ച വിളവും ലാഭവും; കേരളത്തിന്റെ കാലാവസ്ഥയ്ക്ക് യോജ്യമായ 5 വിളവിനങ്ങൾ പുറത്തിറക്കി കാർഷികസർവകലാശാല

**കെ.എ.യു. തേജസ്വിനി, കെ.എ.യു. മേധ, കെ.എ.യു. സൗഗന്ധിക, കെ.എ.യു. കൊച്ചിൻ പ്രൈഡ്, കെ.എ.യു. ഗോൾഡൻ ഫിംഗർ**

സംസ്ഥാനത്തെ കാലാവസ്ഥയ്ക്കനുയോജ്യമായതും അധികവിളവ് തരുന്നതുമായ അഞ്ച് വിളവിനങ്ങൾ പുറത്തിറക്കി കേരള കാർഷിക സർവകലാശാല. വിവിധ കേന്ദ്രങ്ങളിലെ ശാസ്ത്രജ്ഞരാണ് കർഷകർക്ക് മികച്ച വരുമാന മുറപ്പാക്കുന്ന ഈ വിളകൾ വികസിപ്പിച്ചെടുത്തത്.

സീഡ് ഉപസമിതിയുടെ അംഗീകാരത്തോടെയാണ് സർവകലാശാല ഇവ പുറത്തിറക്കിയിരിക്കുന്നത്. കെ.എ.യു. തേജസ്വിനി (മുളക്), കെ.എ.യു. മേധ (ബ്രഹ്മി), കെ.എ.യു. സൗഗന്ധിക (രാമച്ചം), കെ.എ.യു. കൊച്ചിൻ പ്രൈഡ് (ഇഞ്ചി), കെ.എ.യു. ഗോൾഡൻഫിംഗർ (മഞ്ഞൾ) എന്നിവയാണ് പുതിയ ഇനങ്ങൾ. ഓരോ ഇനങ്ങളുടെയും സവിശേഷത ചുവടെ:



**കെ.എ.യു. തേജസ്വിനി**

വെള്ളായണി കാർഷികകോളേജിലെ വെജിറ്റബിൾസയൻസ് ഡിപ്പാർട്ട്മെന്റ് മേധാവിയും അസോസിയേറ്റ് പ്രൊഫസറുമായ ഡോ. എസ്. ശാരദ വികസിപ്പിച്ചെടുത്ത ഈ ഇനം കുറ്റിച്ചെടിയായി വളരുന്നതും നീളമുള്ള കായ്കൾ തരുന്നതും, ഉയർന്ന വിളവു നൽകുന്നതുമാണ്.

കായ്കൾക്ക് കൂടുതൽ തൂക്കവും നീളവുമുണ്ട്. ഇടത്തരം എരിവുള്ള ഈ ഇനത്തിന് വൈറസ് രോഗങ്ങളെയും വാട്ടരോഗത്തെയും പ്രതിരോധിക്കാനുള്ള ശേഷിയുണ്ട്. ഹെക്ടറിന് ശരാശരി 32.50 ടൺ ആണ് വിളവ്.

**കെ.എ.യു. മേധ**

ഓടക്കാലി സുഗന്ധവിള ഔഷധസസ്യ ഗവേഷണകേന്ദ്രം മേധാവിയും പ്രൊഫസറുമായ ഡോ. ആൻസി ജോസഫ് പുറത്തിറക്കിയ ഈ ബ്രഹ്മി ഇനം മധ്യകേരളത്തിൽ കൃഷി ചെയ്യാൻ അനുയോജ്യമാണ്.

മികച്ച ഉത്പാദനശേഷിയുള്ള ഇവ നല്ല സൂര്യപ്രകാശമുള്ള തുറസ്സായ സ്ഥലങ്ങളിൽ കൃഷിചെയ്താൽ ഹെക്ടറിന് 3436 ടൺ വിളവും ഉണക്കിയെടുത്താൽ 56 ടൺ വിളവും ലഭിക്കും.

**കെ.എ.യു. സൗഗന്ധിക**

ഡോ. ആൻസി ജോസഫ് തന്നെ പുറത്തിറക്കിയ രാമച്ചം ഇനമാണ് കെ.എ.യു. സൗഗന്ധിക. ഉയർന്ന അളവിൽ എസൻഷ്യൽ ഓയിൽ അടങ്ങിയ ഇവയ്ക്ക് മികച്ച വളർച്ച, കൂടുതൽ തൈകൾ പൊട്ടാനുള്ള ശേഷി, ഉയർന്ന വേരുത്പാദനം, എണ്ണയുടെ അളവ് കൂടുതൽ എന്നിവയുണ്ട്.

കുറഞ്ഞ അളവിൽ വളരെ വൈകി പൂക്കുന്നതാണ് ഇതിന്റെ മറ്റൊരു സവിശേഷത. ഹെക്ടറിന് 6.17.8 ടൺ വരെ ഉണക്കവേര് വിളവായി ലഭിക്കും. മധ്യമേഖലയിലെ തുറസ്സായ സ്ഥലങ്ങളിൽ കൃഷി ചെയ്യാൻ അനുയോജ്യമായ ഇനമാണ്.

**കെ.എ.യു. കൊച്ചിൻ പ്രൈഡ്**

വെള്ളാനിക്കര കാർഷിക കോളേജിലെ പ്ലാന്റേഷൻ ക്രോപ്സ് ആൻഡ് സ്പൈസസ് ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. നായർ സുനിൽ അപ്പുക്കുട്ടൻ വികസിപ്പിച്ച ഇഞ്ചിയിനമാണ് കെ.എ.യു. കൊച്ചിൻപ്രൈഡ്. ഉയർന്ന അളവിൽ സിൻജിബെറിൻ, അന്നജം (മൈദ്രവ), മികച്ച വിളവ് എന്നിവയോടൊപ്പം കൊച്ചിൻ ഇഞ്ചിയുടെ തനതായ എരിവും മണവും ഇതിനുണ്ട്.

വിളയുടെ കാലയളവ് 240245 ദിവസങ്ങളാണ്. ഇഞ്ചിയിലെ റൈസോംറോട്ട് എന്ന രോഗത്തെ പ്രതിരോധിക്കുന്നു. തെങ്ങിൻതോപ്പുകളിൽ തനിവിളയായോ ഇടവിളയായോ വളർത്താം. ശരാശരി വിളവ് ഹെക്ടറിന് 36.3 ടൺ. ചുക്കുത്പാദനത്തിനായി ഇടുക്കി, കോട്ടയം ജില്ലകളിൽ കൃഷിചെയ്യാനാകുന്നതാണ് ഈ ഇനം.

**കെ.എ.യു. ഗോൾഡൻ ഫിംഗർ**

ഡയറക്ടറേറ്റ് ഓഫ് അരീക്കനട്ട് ആൻഡ് സ്പൈസസ് ഡിവലപ്മെന്റ് കോഴിക്കോടിന്റെ സാമ്പത്തികസഹായത്തോടെ, വെള്ളാനിക്കര കാർഷികകോളേജിലെ പ്ലാന്റേഷൻക്രോപ്സ് ആൻഡ് സ്പൈസസ് വകുപ്പിലെ ഡോ. നായർ സുനിൽ അപ്പുക്കുട്ടൻതന്നെയാണ് കെ.എ.യു. ഗോൾഡൻ ഫിംഗർ എന്ന മഞ്ഞൾ ഇനം വികസിപ്പിച്ചെടുത്തത്.

ഉയർന്ന കുർക്കുമിൻ അടങ്ങിയ തനത് മഞ്ഞൾഇനമാണിത്. ഉയർന്ന വിളവ് ലഭിക്കും. ഉള്ളിൽ നല്ല കടും ഓറഞ്ച് നിറമാണ്. കയറ്റുമതിക്കനുയോജ്യമായ രീതിയിൽ നല്ല വണ്ണമുള്ള മഞ്ഞൾകിഴങ്ങുകളാണ് ഇത് ഉത്പാദിപ്പിക്കുന്നത്. ഹെക്ടറിന് ശരാശരി 3942 ടൺ പച്ചമഞ്ഞൾ വിളവ് ലഭിക്കും.

# ഫിഫ ലോകകപ്പ്: കേരളം പൊടിച്ചത് 35 കോടി



**കൊച്ചി:** ലോകകപ്പ് ആവേശത്തിൽ കേരളം ചെലവഴിച്ചത് 35 കോടി രൂപ. ജഴ്സി, ഫ്ളക്സ് പ്രിൻറിംഗ് എന്നിവയ്ക്കായാണു സംസ്ഥാനത്തെ ഫുട്ബോൾ ആരാധകർ ഇത്രയധികം രൂപ ചെലവാക്കിയത്.

ഫ്ലക്സ് പ്രിൻറിംഗിൽ മാത്രം 25 കോടിയോളം രൂപയുടെ കച്ചവടം നടന്നപ്പോൾ ജഴ്സി വില്പനയിൽനിന്ന് 10 കോടിയോളം രൂപയാണു ലഭിച്ചത്. സ്കൂളുകളും വിവിധ സർക്കാർ സ്ഥാപനങ്ങളടക്കം ജഴ്സി ഡേ സംഘടിപ്പിച്ചതും ഇക്കുറി ജഴ്സി വില്പന കുതിച്ചുയരാൻ കാരണമായെന്ന് വ്യാപാരികൾ പറയുന്നു.

വടക്കൻ ജില്ലകളിലാണ് ഭൂരിഭാഗം കച്ചവടവും നടന്നത്. ജഴ്സി വില്പനയിൽ നിന്നുള്ള അഞ്ചു കോടി മലപ്പുറം ജില്ലയിൽനിന്നു മാത്രമാണെന്ന് സ്പോട്സ് ഗുഡ്സ് ഡീലേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് പി.എ. ചെന്താമരാക്ഷൻ പറഞ്ഞു.

ആരാധകരുടെ ഫ്ളക്സ് യുദ്ധമാണ് കച്ചവടം കൂടാൻ കാരണമായത്. വലിയതോതിൽ ഫ്ലക്സുകൾ വിറ്റഴിഞ്ഞ സാഹചര്യത്തിൽ ഇവ പ്രകൃതിക്കു ദോഷം വരാതെ കച്ചവടക്കാർ തിരികെയെടുക്കുന്ന കാമ്പയിനും തുടക്കം കുറിച്ചിട്ടുണ്ട്. സർക്കാർ പൊതുമേഖലാസ്ഥാപനമായ ക്ലീൻ കേരള കമ്പനിക്കു കൈമാറി പുനരുപയോഗം പ്രോത്സാഹിപ്പിക്കുകയാണു ലക്ഷ്യമെന്ന് സൈൻ പ്രിൻറിംഗ് ഇൻഡസ്ട്രീസ് അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് സ്റ്റീഫൻ മാടവന പറഞ്ഞു. പുതുതലമുറയ്ക്ക് ഫുട്ബോളിനോടു പ്രിയം വർധിച്ചതോടെ വരും വർഷങ്ങളിൽ വിറ്റുവരവ് വർധിക്കുമെന്ന് കച്ചവടക്കാർ പറയുന്നു.

അർജൻറീന, ബ്രസീൽ, പോർച്ചുഗൽ ടീമുകളുടെ ജഴ്സിക്കായിരുന്നു വൻ ഡിമാൻഡ്. ഇതിൽ അർജൻറീന ജഴ്സിക്കാണ് കൂടുതൽ ആവശ്യക്കാരുണ്ടായിരുന്നത്. ടീമിൻറെ മൂന്ന് ജഴ്സിയും വലിയതോതിൽ വിറ്റഴിഞ്ഞെങ്കിലും കൂടുതൽ ആളുകളും സ്വന്തമാക്കിയത് ഹോം ജഴ്സിയും എവേ ജഴ്സിയുമാണ്. അർജൻറീന ഫൈനലിൽ എത്തിയതോടെ 19ന് സംസ്ഥാനത്തുടനീളം നടന്ന വലിയ വില്പനയാണു 10 കോടി കച്ചവടത്തിലേക്ക് എത്തിച്ചത്. അർജൻറീന കഴിഞ്ഞാൽ പോർച്ചുഗലിൻറെ ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ ജഴ്സിയാണ് ഏറ്റവും കൂടുതൽ വിറ്റഴിഞ്ഞത്. ഫൈനൽ ദിവസം സ്പെയ്ൻ ടീമിന്റെ ജഴ്സിക്കും ഡിമാൻഡ് കൂടി. മലപ്പുറത്തിനുപുറമെ തൃശൂർ, കോഴിക്കോട് ജില്ലകളാണ് ഏറ്റവുമധികം ജഴ്സി വില്പന നടന്ന മറ്റു ജില്ലകൾ.

ആരാധക ആവേശം ഫ്ളക്സ് രൂപത്തിൽ പ്രത്യക്ഷപ്പെട്ടതോടെ ഒന്നര മാസത്തിനിടെ സംസ്ഥാനത്തു 25 കോടി രൂപയുടെ ഫ്ളക്സ് പ്രിൻറിംഗാണു നടന്നത്. ഏറ്റവും വലിയ ഫ്ലക്സ് സ്ഥാപിക്കുന്നത് ടീം ആരാധകരുടെ അഭിമാന പ്രശ്നമായതോടെയാണ് ഇക്കുറി ഫ്ളക്സ് പ്രിൻറിംഗ് കുതിച്ചുയർന്നത്. വടക്കൻ ജില്ലകൾ തന്നെയാണ് ഇതിലും മുന്നിലെത്തിയത്.




## ജസ്പ്രീത് ബുംറയ്ക്കൊപ്പം തംസ് അപ്പിന്റെ 'തണ്ടർവീൽസ് 3.0'

**കൊച്ചി:** കൊക്കക്കോള ഇന്ത്യയുടെ പ്രമുഖ ബ്രാൻഡായ തംസ് അപ്പ്, ഇന്ത്യയിലെ ബൈക്കിംഗ് സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനായി 'തണ്ടർവീൽസ് 3.0' ക്യാംപെയ്ൻ അവതരിപ്പിച്ചു. ഇന്ത്യൻ ക്രിക്കറ്റ് താരം ജസ്പ്രീത് ബുംറയാണ് ക്യാംപെയ്നിന്റെ മുഖം.

പ്രത്യേകമായി അടയാളപ്പെടുത്തിയ തംസ് അപ്പ് പായ്ക്കുകളിലെ ക്യു ആർ കോഡ് സ്കാൻ ചെയ്ത് ഉപഭോക്താക്കൾക്ക് തണ്ടർവീൽസ് പ്ലാറ്റ്ഫോമിലേക്ക് പ്രവേശിക്കാം. ഇതിലൂടെയുള്ള നറുക്കെടുപ്പിൽ തണ്ടർവീൽസ് ബൈക്ക് ഉൾപ്പെടെയുള്ള പ്രത്യേക ബൈക്കിംഗ് റിവാർഡുകൾ നേടാനുള്ള അവസരവും ലഭിക്കും. യുവാക്കളിൽ ബൈക്കിംഗിനോടുള്ള താൽപര്യം വർധിപ്പിക്കുകയും രാജ്യത്തെ ബൈക്കിംഗ് കമ്മ്യൂണിറ്റിയെ ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ക്യാംപെയ്ൻ.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ബൈക്കിംഗ് പ്രേമികൾക്ക് സ്വന്തം റൈഡിംഗ് അനുഭവങ്ങളും സാഹസിക കഥകളും പങ്കുവെച്ച് ഇന്ത്യയിലെ ഏറ്റവും വലിയ ബൈക്കിംഗ് കമ്മ്യൂണിറ്റികളിലൊന്ന് സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്.

## കോഴിത്തീറ്റയ്ക്ക് വില കൂടി: ഇറച്ചിക്ക് പൊള്ളും വില

**തൃശ്ശൂർ:** പോത്തിറച്ചിക്കു പിന്നാലെ കോഴിയിറച്ചിക്കും പൊള്ളും വില. കോഴിത്തീറ്റയുടെ വിലവർധനയാണ് ഇറച്ചിവില കൂടാൻ ഒരു കാരണം. കഴിഞ്ഞ ദിവസം ഒരു കിലോ കോഴിയിറച്ചിക്ക് 240 250 രൂപയാണ് . ഒരു കിലോ കോഴിക്ക് 164 മുതൽ 170 രൂപ വരെയും വിലയുണ്ട്.

1,350 രൂപയുണ്ടായിരുന്ന 50 കിലോഗ്രാമിന്റെ ഒരു ചാക്ക് കോഴിത്തീറ്റയ്ക്ക് 1,850 രൂപയായി 500 രൂപ വർധന. തീറ്റയുണ്ടാക്കാനുള്ള അസംസ്കൃതവസ്തുക്കളായ ചോളം, സോയാബീൻ, ഗോതമ്പ്, ഉണക്കമീൻ തുടങ്ങിയവ കിട്ടാനില്ലാത്തതാണ് വില കൂടാൻ കാരണം. ചോളവും മറ്റും എത്തനോൾ നിർമാണത്തിന് വഴിതിരിച്ചുവിടുന്നത് ഇതിന്റെ ദൗർലഭ്യമുണ്ടാക്കുന്നതായി ആക്ഷേപമുണ്ട്. മഴ കുറഞ്ഞതിനാൽ ഈ വർഷം ഉത്പാദനം കുറയുമെന്ന ഭീതിയുമുണ്ട്.



**പീപ്പിൾസ് അർബൻ കോഓപ്പറേറ്റീവ് ബാങ്കിന്റെ തോപ്പുംപടിയിലെ നവീകരിച്ച ശാഖ ബാങ്ക് ചെയർമാൻ ടി. സി. ഷിബു ഉദ്ഘാടനം ചെയ്യുന്നു. വൈസ് ചെയർമാൻ സോജൻ ആന്റണി, ജനറൽ മാനേജർ കെ. ജയപ്രസാദ്, ശാഖാ മാനേജർ സി. എ. അനിത, സി.പി.ഐ.എം കൊച്ചി ഏരിയ സെക്രട്ടറി പി. എസ് രാജം, കെ കെ രാമചന്ദ്രൻ, മുൻ എം.എൽ,എ കെ.ജെ മാക്സി എന്നിവർ സമീപം**

## പീപ്പിൾസ് അർബൻ കോഓപ്പറേറ്റീവ് ബാങ്ക് നവീകരിച്ച ശാഖ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** പീപ്പിൾസ് അർബൻ കോഓപ്പറേറ്റീവ് ബാങ്കിന്റെ തോപ്പുംപടിയിലെ നവീകരിച്ച ശാഖ ബാങ്ക് ചെയർമാൻ ടി. സി. ഷിബു ഉദ്ഘാടനം ചെയ്തു. ശാഖയിൽ സ്ഥാപിച്ച സോളാർ പാനലിന്റെ ഉദ്ഘാടനം വൈസ് ചെയർമാൻ സോജൻ ആന്റണി നിർവഹിച്ചു.

ചടങ്ങിൽ മുൻ എം.എൽ.എ കെ. ജെ. മാക്സി, കൗൺസിലർ ലവിത നെൽസൺ, ബോർഡ് ഓഫ് മാനേജ്മെന്റ് ചെയർമാൻ കെ. കെ. രാമചന്ദ്രൻ, ജനറൽ മാനേജർ കെ. ജയപ്രസാദ്, ശാഖാ മാനേജർ സി. എ. അനിത, വിവിധ രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവർ പങ്കെടുത്തു.

എറണാകുളം ജില്ലയിലുടനീളം 27 ശാഖകളിലൂടെ പ്രവർത്തിക്കുന്ന പീപ്പിൾസ് അർബൻ കോഓപ്പറേറ്റീവ് ബാങ്കിന്റെ തോപ്പുംപടി ശാഖയിൽ നവീകരണത്തോടെ ഉപഭോക്തൃസൗഹൃദവും സാങ്കേതികവിദ്യാധിഷ്ഠിതവുമായ ബാങ്കിംഗ് സേവനങ്ങൾ കൂടുതൽ വിപുലീകരിച്ചതായി ജനറൽ മാനേജർ കെ. ജയപ്രസാദ് അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# കേരളം എഐ സാങ്കേതികവിദ്യയുടെ ഹബ്ബാകും: മുഖ്യമന്ത്രി

**കൊച്ചി:** നിർമിതബുദ്ധി, നൂതന സാങ്കേതികവിദ്യാ മേഖലയിലെ രാജ്യത്തെ ഹബ്ബായി സംസ്ഥാനത്തെ മാറ്റുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ.

ആഗോള യാത്രാ വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമിട്ടു ഐബിഎസ് സോഫ്റ്റ്‌വേർ ഗ്രൂപ്പ് ആരംഭിച്ച എഐ കമ്പനിയായ നാവിക് ടെക്നോളജി കൊച്ചി ഇൻഫോപാർക്ക് ഫേസ് ഒന്നിലെ ഐബിഎസ് ടവറിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മുഖ്യമന്ത്രി.

ലോകമെമ്പാടും വിജ്ഞാന വിസ്ഫോടനമാണു നടക്കുന്നത്. എന്തിനും ഏതിനുമുള്ള ഉപകരണമായി നിർമിതബുദ്ധി മാറുകയാണ്.മുഖ്യമന്ത്രിയുടെ ഓഫീസിൽ എഐ ഡാഷ് ബോർഡിൻറെ സഹായത്തോടെ നിക്ഷേപപദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നത് ആരംഭിച്ചുകഴിഞ്ഞു. ഈ ദശകത്തിന്റെ അവസാനമാകുമ്പോഴേക്കും മനുഷ്യബുദ്ധിക്കൊപ്പം നിർമിതബുദ്ധി എത്തുമെന്നാണ് ആഗോളതലത്തിലുള്ള വിദഗ്ധർ കണക്കുകൂട്ടുന്നതെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. സാങ്കേതികവിദ്യ ക്കൊപ്പം സമൂഹവും സർക്കാരും മാറണമെന്ന് ചടങ്ങിൽ അധ്യക്ഷനായിരുന്ന മന്ത്രി കുഞ്ഞാലിക്കുട്ടി പറഞ്ഞു.

ഐടി സെക്രട്ടറി സീറാം സാംബശിവറാവു, ഐബിഎസ് സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ വി.കെ. മാത്യൂസ്, ഐബിഎസ് സോഫ്റ്റ്‌വേർ സിഇഒ സൊമിത് ഗോയൽ, നാവിക് ടെക്നോളജി പ്രസിഡൻറ് മോയിസുർ റഹ്മാൻ, എപിഎഎക്സ് പാർട്ണർ ഇന്ത്യാ മേധാവി ഹർജോത് ദാലിവാൾ തുടങ്ങിയവർ പ്രസംഗിച്ചു.




# 119–ാം സ്ഥാപകദിനത്തിൽ പുതിയ പദ്ധതികളുമായി ബാങ്ക് ഓഫ് ബറോഡ

**കൊച്ചി:** ബാങ്ക് ഓഫ് ബറോഡ 119ാം സ്ഥാപകദിനത്തോടനുബന്ധിച്ച് ഡിജിറ്റൽ ബാങ്കിംഗ്, റീട്ടെയിൽ, എംഎസ്എംഇ മേഖലകൾക്കായി പുതിയ പദ്ധതികൾ പ്രഖ്യാപിച്ചു.

പുതിയ രീതിയിൽ വികസിപ്പിച്ച ബാങ്കിന്റെ ബിഒബി വേൾഡ് മൊബൈൽ ബാങ്കിംഗ് ആപ്പ് ബ്രാൻഡ് അംബാസഡറായ സച്ചിൻ തെണ്ടുൽക്കറാണ് പുറത്തിറക്കിയത്.

ഭാവിയിലേക്കുള്ള ആധുനിക ബാങ്കിംഗ് പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഗ്ലോബൽ കേപ്പബിലിറ്റി, ഇന്നൊവേഷൻ ആൻഡ് ട്രാൻസ്ഫോർമേഷൻ സെൻററും ആരംഭിച്ചു.

ഇതിനോടൊപ്പം ഉപഭോക്താക്കൾക്ക് ബഹുഭാഷ, വോയ്സ് ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്ന നൂതനമായ ഇൻറലിജൻറ് വെർചൽ ഫ്രണ്ട് ഓഫീസ് അദിതി 2.0 യും പുറത്തിറക്കി.

# ഇൻഡിഗോ ആദ്യപാദ ഫലം പ്രഖ്യാപിച്ചു

മുംബൈ: രാജ്യത്തെ ഏറ്റവും വലിയ വ്യോമയാന കമ്പനിയായ ഇൻഡിഗോ നടപ്പുസാമ്പത്തികവർഷത്തിൽ ജൂണിൽ അവസാനിച്ച പാദത്തിൽ 238 കോടി രൂപയുടെ നഷ്ടം രേഖപ്പെടുത്തി. ഇന്ധനവിലയിലെ വർധന, വിദേശനാണ്യ വിനിമയത്തിലെ നഷ്ടം, പശ്ചിമേഷ്യയിലെ സംഘർഷങ്ങൾ എന്നിവയാണ് തിരിച്ചടിയായത്. കഴിഞ്ഞ വർഷം ഇതേ പാദത്തിൽ 2176 കോടി രൂപ ലാഭമായിരുന്നു. പ്രവർത്തന വരുമാനം മുൻവർഷത്തെ 20,496 കോടി രൂപയിൽ നിന്ന് 20% വർധിച്ച് 24,584 കോടി രൂപയായി. എന്നാൽ, ഇതേ കാലയളവിൽ വരുമാന വളർച്ചയേക്കാൾ ചെലവുകൾ ഉയർന്നു. കമ്പനിയുടെ ആകെ ചെലവുകൾ മുൻവർഷത്തെ 19,232 കോടിയിൽ നിന്ന് 34 ശതമാനം വർധിച്ച് 25,853 കോടി രൂപയായി.

ഏവിയേഷൻ ടർബൈൻ ഫ്യുവലിനായുള്ള ചെലവ് വൻ തോതിൽ വർധിച്ചതാണ് ഇൻഡിഗോയ്ക്ക് തിരിച്ചടിയായത്. കഴിഞ്ഞ വർഷത്തെ 5833 കോടി രൂപയിൽനിന്ന് 10,833 കോടി രൂപയായി ഇന്ധനച്ചെലവ്. വിമാനങ്ങളുടെ അറ്റകുറ്റപ്പണി, മെയിൻറനൻസ് എന്നിവ മുൻവർഷത്തെ അപേക്ഷിച്ച് 13.9 ശതമാനം വർധിച്ച് 3498 കോടി രൂപയായി.

# യൂക്കോ ബാങ്കിന് 656 കോടിയുടെ അറ്റാദായം

**കൊച്ചി:** യൂക്കോ ബാങ്ക് 2026-27 സാമ്പത്തികവർഷത്തിൻറെ ഏപ്രിൽജൂൺ ആദ്യ പാദത്തിൽ കഴിഞ്ഞ വർഷത്തെ 607 കോടി രൂപയായിരുന്ന അറ്റാദായം ഈ വർഷം 656 കോടി രൂപയായി വർധിപ്പിച്ചു. റീട്ടെയിൽ, കൃഷി, എംഎസ്എംഇ വായ്പ എന്നിവയിലെ ശക്തമായ വികസനമാണ് ഇതിനു കാരണം.

ബാങ്കിന്റെ മൊത്തം ബിസിനസ് വർഷം തോറും 15.53 ശതമാനം വളർച്ചയോടെ 6,05,083 കോടി രൂപയായി.

മൊത്തം വായ്പകൾ 21.18 ശതമാനം വർധിച്ച് 2,72,768 കോടി രൂപയും മൊത്ത നിക്ഷേപങ്ങൾ 11.28 ശതമാനം വർധിച്ച് 3,32,315 കോടിയുമായി. ഭവനവായ്പകളും വാഹനവായ്പകളും യഥാക്രമം 19.98 ശതമാനവും 65.45 ശതമാനവും വളർച്ച നേടിയതായി മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ രാജേന്ദ്ര കുമാർ സാബു പറഞ്ഞു.

# മണിപ്പാൽ ഹെൽത്ത് എൻറർപ്രൈസസ് ഐപിഒയ്ക്ക്

**മുംബൈ:** സിംഗപ്പൂർ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ആഗോളതലത്തിലെ പ്രമുഖ നിക്ഷേപക കന്പനിയായ ടെമാസെക്കിന്റെ പിന്തുണയുള്ള മണിപ്പാൽ ഹെൽത്ത് എൻറർപ്രൈസസിന്റെ (മണിപ്പാൽ ഹോസ്പിറ്റൽസ്) പ്രാഥമിക ഓഹരി വിൽപ്പന (ഐപിഒ) അടുത്ത ആഴ്ച ആദ്യം തന്നെ ഉണ്ടായേക്കുമെന്ന് റിപ്പോർട്ട്.

ഇതോടെ ഇന്ത്യയിലെതന്നെ ഏറ്റവും വലിയ ഹെൽത്ത് കെയർ ലിസ്റ്റിംഗുകളിലൊന്നിനാണ് കളമൊരുങ്ങുക.

ഐപിഒയിലൂടെ ഏകദേശം 8,000 കോടി രൂപയുടെ പുതിയ ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 2025 ദശലക്ഷം ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലും ഉണ്ടാകും.

ആകെ ഐപിഒ തുക 1 ബില്യൺ ഡോളറിന് അടുത്തായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് എൻഡിടിവി പ്രോഫിറ്റ് റിപ്പോർട്ട് ചെയ്യുന്നത്. എന്നാൽ വിപണിയിലെ സാഹചര്യങ്ങൾക്കും നിക്ഷേപകരുടെ ആവശ്യകതയ്ക്കും അനുസരിച്ച് അന്തിമ തുകയിൽ മാറ്റം വരാം.

ടെമാസെക് ആയിരിക്കും ഒഎഫ്എസിലൂടെ ഏറ്റവും കൂടുതൽ ഓഹരികൾ വിറ്റഴിക്കുക. മണിപ്പാൽ ഗ്രൂപ്പും പ്രൈവറ്റ് ഇക്വിറ്റി സ്ഥാപനമായ ടിപിജിയും വിഹിതം കുറയ്ക്കാൻ സാധ്യതയുണ്ട്. സെവൻറി സെക്കൻഡ് ഇൻവെസ്റ്റ്മെൻറ്, നോവോ ഹോൾഡിംഗ്സ്, ഫീനിക്സ് ബെയർ ഇൻവെസ്റ്റ്മെൻറ്സ് എന്നിവരും ഓഹരികൾ വിൽക്കുന്നവരിൽ പങ്കാളികളാകാൻ സാധ്യതയുണ്ട്.

# യുപിഐ പേമെൻറുകളിൽ 10 ശതമാനം ഇൻസ്റ്റൻറ് ഡിസ്കൗണ്ടുമായി ബിസ്മി കണക്ട്

**കൊച്ചി:** ഉപഭോക്താക്കൾക്ക് വമ്പിച്ച ഓഫറുകളുമായി കേരളത്തിലെ മുൻനിര റീട്ടെയ്‌ലർമാരായ ബിസ്മി കണക്ട്.

മുൻനിര ബ്രാൻഡുകളുടെ ഉത്പന്നങ്ങൾക്ക് 70 ശതമാനം വരെയുള്ള ഡിസ്കൗണ്ടിനൊപ്പം 24, 25, 26 തീയതികളിൽ യുപിഐ വഴി പേമെൻറ് ചെയ്താൽ 10 ശതമാനം ഇൻസ്റ്റൻറ് ഡിസ്കൗണ്ടും പ്രമുഖ ബാങ്ക് കാർഡുകൾ വഴിയും പേപ്പർ ഫിനാൻസ് വഴിയും പർച്ചേസ് ചെയ്യുന്നവർക്ക് 26,000 രൂപ വരെ അധിക ഡിസ്കൗണ്ടും നേടാം.

ടിവികൾ മികച്ച ഓഫറുകളോടുകൂടി സ്വന്തമാക്കാം. ഇഎംഐ തികച്ചും സൗജന്യമായി ലഭിക്കുന്നതിനൊപ്പം സൗജന്യ ടിവി ഓഫറും മൂന്നു വർഷത്തെ സമഗ്ര വാറൻറിയും ലഭിക്കും.

ഡിജിറ്റൽ ഗാഡ്ജെറ്റുകൾക്ക് വൻതോതിലുള്ള ഡിസ്കൗണ്ടുകളാണ് പ്രഖ്യാപിച്ചിരിക്കുന്നത്.

ഹോം അപ്ലയൻസസ് വിഭാഗത്തിൽ റെഫ്രിജറേറ്ററുകൾക്ക് 20,000 വരെ എക്സ്ചേഞ്ച് ബോണസ് ലഭിക്കും. വാഷിംഗ് മെഷീൻ പർച്ചേസുകൾക്കൊപ്പം ഭാഗ്യശാലികളായ ഉപഭോക്താക്കൾക്കായി അഞ്ചു കോടി രൂപ വരെ വിലയുള്ള സമ്മാനങ്ങൾ നേടാൻ അവസരമൊരുക്കുന്ന പ്രത്യേക ലക്കി ഡ്രോ ഓഫറും ബിസ്മി ഒരുക്കിയിട്ടുണ്ട്. കിച്ചൻ അപ്ലയൻസസ് ഒന്നിലധികം വാങ്ങുന്നവർക്കായി അഞ്ചു ശതമാനം മുതൽ 15 ശതമാനം വരെ പ്രത്യേക കിഴിവ് ലഭിക്കും.

കേരളത്തിലുടനീളമുള്ള ബിസ്മി കണക്ട് സ്റ്റോറുകളിൽ ഈ ഓഫറുകൾ പ്രയോജനപ്പെടുത്താം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9020700500.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com